**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: **4245**

**17.05.2017 - ൽ** മറുപടിയ്ക്ക്

## കുണ്ടറ പോലീസ് വ്യാജ കേസിൽ കുടുക്കി എന്ന പരാതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ** | | **ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | കെ.എസ്.ഇ.ബി.യിൽ അസിസ്റ്റന്റ് എഞ്ചിനീയറായ കൊല്ലം പടപ്പക്കര സ്വദേശി ജോൺ ഷാജിയെ കുണ്ടറ പോലീസ് സി.ഐ വ്യാജ കേസിൽ കുടുക്കി എന്ന പരാതിയിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) | നടത്തിയിട്ടുണ്ട്. |
| (ബി) | ഈ കേസ് ഡി.വൈ.എസ്.പി. റാങ്കിൽ കുറയാത്ത സത്യസന്ധനായ ഒരു പോലീസ് ഓഫീസറെകൊണ്ട് അന്വേഷിപ്പിക്കണമെന്നത് സംബന്ധിച്ച് കോട്ടയം, ക്രൈംബ്രാഞ്ച് സി.ഐ.ഡി സാമ്പത്തിക കുറ്റന്വേഷണ വിഭാഗം 2, ഡെപ്യൂട്ടി സൂപ്രണ്ട് 02.07.16 ൽ കോട്ടയം ജില്ലാ പോലീസ് മേധാവിക്ക് നൽകിയ കത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | സ്വീകരിച്ചിട്ടുണ്ട്. കുണ്ടറ പോലീസ് സ്റ്റേഷൻ ക്രൈം നം.1953/2015 സി.ബി.സി.ഐ.ഡി-യിലേക്ക് കൈമാറിയിട്ടുള്ളതും തുടർന്ന് ക്രൈംബ്രാഞ്ച് വിഭാഗം ക്രൈം നമ്പർ 2/CR/HHW-1/TVM/17 ആയി റീ-നമ്പർ ചെയ്ത് അന്വേഷണം നടത്തിവരുന്നതുമാണ്. |
| (സി) | ഇല്ലെങ്കിൽ ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേസ് സ്റ്റേറ്റ് ക്രൈംബ്രാഞ്ചിലെ സത്യസന്ധനായ ഒരു ഉദ്യോഗസ്ഥനെക്കൊണ്ട് പുനരന്വേഷണം നടത്തുമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ